**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 456** 29.01.2019 ൽ മറുപടിക്ക്.

**ജി.എസ്.ടി.**

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നടപ്പിലാക്കിയശേഷം കേരളത്തിന് ലഭിക്കേണ്ടിയിരുന്ന കോംപൻസേഷൻ ഇൻകം പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ; ഓരോ മാസവും ലഭിച്ച കോംപൻസേഷൻ ഇൻകത്തിന്റെ വിശദാംശം നൽകുമോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം കേരളത്തിന് ലഭിക്കേണ്ടിയിരുന്ന കോമ്പൻസേഷൻ ഇൻകം ലഭിച്ചിട്ടുണ്ട്. ഇത്തരം കോമ്പൻസേഷൻ രണ്ട് മാസത്തിൽ ഒരിക്കലാണ് ലഭ്യമാകുന്നത്. കോമ്പൻസേഷൻ ഇൻകത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

2017-18 സാമ്പത്തിക വർഷം

| മാസം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| ജൂലൈ 2017, ആഗസ്റ്റ് 2017 | 810.00 |
| സെപ്റ്റംബർ 2017, ഒക്ടോബർ 2017 | 395.00 |
| ജനുവരി 2018, ഫെബ്രുവരി 2018 | 567.00 |
| മാർച്ച് 2018 | 330.00 |

2018-19 സാമ്പത്തിക വർഷം

| മാസം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| ഏപ്രിൽ 2018, മെയ് 2018 | 67.00 |
| ജൂൺ 2018, ജൂലൈ 2018 | 780.00 |

| | | | |
|---|---|---|---|
| | | | ആഗസ്റ്റ് 2018, സെപ്റ്റംബർ 2018 — 1033.00<br>ഒക്ടോബർ 2018, നവംബർ 2018 — 195.00 |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം നികുതി ഇനത്തിൽ സംസ്ഥാനത്തിന് നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | ഇല്ല. |
| (സി) | ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലും അന്തർ സംസ്ഥാന ചരക്ക നീക്കത്തിലും വന്ന മാറ്റങ്ങൾ വ്യക്തമാക്കുമോ; | (സി) | ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് നികുതി സമ്പ്രദായ വ്യവസ്ഥയിൽ കാര്യമായ മാറ്റമുണ്ടായി. ഇത് അന്തർ സംസ്ഥാന വ്യാപാരത്തെ സംബന്ധിച്ചിടത്തോളം ഉത്ഭവസ്ഥാന നികുതിയിൽ നിന്നും പ്രാപ്യസ്ഥാന അധിഷ്ഠിത നികുതിയായി മാറി. പ്രധാനമായും ഉപഭോഗ സംസ്ഥാനമായ കേരളത്തിന് ഇത് പ്രയോജനപ്പെടുമെന്നാണ് കരുതിയിരുന്നതെങ്കിലും ആ രീതിയിലുള്ള പ്രയോജനം ആരംഭ കാലഘട്ടത്തിൽ ദൃശ്യമായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കപ്പെട്ടു. ഉല്പാദന ഘട്ടം മുതൽ ഉപഭോഗത്തിന് ചരക്ക സേവനം കിട്ടുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ മുമ്പുണ്ടായിരുന്ന നികുതികൾ ഏകീകരിച്ച് നികുതിക്ക് നികുതി വരുന്ന സാഹചര്യം |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും ഒഴിവാക്കിയതിനാൽ ഉല്പാദകർക്ക് കടുത്ത മത്സരം നേരിടുന്ന വിപണിയിൽ പിടിച്ച് നിൽക്കാനുള്ള സാഹചര്യം ഉണ്ടാക്കി. കൂടാതെ കയറ്റുമതി മേഖലയ്ക്കും റീഫണ്ട് കാലതാമസം കൂടാതെ കിട്ടുന്ന അവസ്ഥ സംജാതമായി. അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വാങ്ങലിനും ഇംപുട്ട് ക്രഡിറ്റ് ലഭ്യമാകും എന്നതിനാൽ വ്യാപാരം മെച്ചപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ട്. സമ്പദ് വ്യവസ്ഥയിൽ ഇപ്പോൾ പ്രത്യക്ഷമായി പുരോഗതി ദൃശ്യമില്ലെങ്കിലും താമസംവിനാ അതിന്റെ പ്രയോജനം കണ്ടുതുടങ്ങും എന്നാണ് വിലയിരുത്തുന്നത്. |
| (ഡി) | അന്തർസംസ്ഥാന ചരക്ക നീക്കം വീക്ഷിക്കുന്നതിനുള്ള ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത സമ്പ്രദായം പ്രാവർത്തികമാക്കിയതോടുകൂടി നികുതി വെട്ടിപ്പ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ഡി) | ഉണ്ട്. അന്തർസംസ്ഥാന ചരക്കുനീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി.ഐ.എൻ ന്റെ അടിസ്ഥാനത്തിൽ തീയതി, സമയം അനുസരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമാണ്. ചെക്ക്പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ ഇ-വേ ബിൽ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ വിപുലപ്പെടുത്തി കൂടുതൽ സ്ക്വാഡുകളെ ഇ-വേ ബിൽ പരിശോധിക്കുന്നതിലേക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് നികുതിവരുമാനത്തിലുണ്ടായ വർദ്ധനവ് ഇ-വേ ബില്ലിന്റെ വിശദ പരിശോധനയുടെയും |

<table>
<tr><td></td><td></td><td></td><td>കൂടി ഫലമായാണെന്ന് വിലയിരുത്തപ്പെടുന്നു. ഇ-വേ ബിൽ നടപ്പിലാക്കി നാളിതുവരെ ഒരു കോടി 17 ലക്ഷത്തോളം ഇ-വേ ബില്ലുകൾ ഓൺലൈനായി എടുത്തിട്ടുണ്ട്. ഇതിൽ 13,78,220 എണ്ണം ഇന്റലിജൻസ് വിഭാഗം പരിശോധനാവിധേയമാക്കിയിട്ടുണ്ട്. ന്യൂനതകൾ കണ്ടെത്തിയ 1,368 കേസ്സുകളിൽ പിഴ ഈടാക്കലും തുടർനടപടികളും സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>(ഇ)</td><td>ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതിന് ശേഷം ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;</td><td>(ഇ)</td><td>01.04.2018 മുതൽ സംസ്ഥാനത്ത് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി. അതിന് ശേഷം ലഭിച്ച ജി.എസ്.ടി. വരുമാനം ചുവടെ ചേർക്കുന്നു.
<table>
<tr><th>മാസം</th><th>ലഭിച്ച ജി.എസ്.ടി. വരുമാനം (കോമ്പൻസേഷൻ ഉൾപ്പെടെ) (തുക കോടിയിൽ)</th></tr>
<tr><td>ഏപ്രിൽ 2018</td><td>1495.71</td></tr>
<tr><td>മെയ് 2018</td><td>1514.77</td></tr>
<tr><td>ജൂൺ 2018</td><td>2614.36</td></tr>
<tr><td>ജൂലൈ 2018</td><td>2286.90</td></tr>
<tr><td>ആഗസ്റ്റ് 2018</td><td>1525.72</td></tr>
<tr><td>സെപ്റ്റംബർ 2018</td><td>2210.20</td></tr>
<tr><td>ഒക്ടോബർ 2018</td><td>2492.97</td></tr>
<tr><td>നവംബർ 2018</td><td>1885.03</td></tr>
<tr><td>ഡിസംബർ 2018</td><td>1915.30</td></tr>
</table></td></tr>
<tr><td>(എഫ്)</td><td>ജി.എസ്.ടി വകുപ്പിന്റെ</td><td>(എഫ്)</td><td>ഉണ്ട്. ആന്റീപ്രോഫിറ്റീയറിംഗ്</td></tr>
</table>

| | | | |
|---|---|---|---|
| | ഇന്റലിജൻസ് വിഭാഗത്തിന്റെയും ആന്റി പ്രോഫിറ്റീയറിംഗ് വിഭാഗത്തിന്റെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവർ നടത്തുന്ന പരിശോധന നികുതി വെട്ടിപ്പ് തടയുന്നതിന് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ; | | നിയമപ്രകാരം പരാതികൾ വലിയ തോതിൽ പൊതുജനങ്ങളിൽ നിന്ന് ലഭിച്ചിട്ടില്ലെങ്കിലും സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് ഈ വിഷയത്തിൽ സംസ്ഥാനമൊട്ടാകെ സർവ്വെ നടത്തുകയും ജി.എസ്.ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തവരുടെ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റീപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിന്മേലുള്ള കണക്ക് പരിശോധനയും തെളിവെടുപ്പുകളും പുരോഗമിച്ചുവരുകയാണ്. |
| (ജി) | രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവ് ഉള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ? | (ജി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവ് ഉള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ